**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 566** **11-07-2024 - ൽ മറുപടിയ്ക്ക്**

**പാഠപുസ്തകങ്ങളിലെ മാറ്റം വരുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീമതി ദെലീമ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ജനാധിപത്യവും ബഹുസ്വരതയും മുഗൾ ചരിത്രവും പാഠപുസ്തകങ്ങളിൽ നിന്നും ഒഴിവാക്കിയ എൻ.സി.ഇ.ആർ.ടി.യുടെ നടപടിയോട് സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | ജനാധിപത്യവും ബഹുസ്വരതയും മതനിരപേക്ഷതയും ഉൾപ്പെടെയുള്ള ഭരണഘടനാ മൂല്യങ്ങളെയും മുഗൾ ചരിത്രത്തെയും പാഠപുസ്തകങ്ങളിൽ നിന്നും ഒഴിവാക്കിയ എൻ.സി.ഇ.ആർ.ടി. നടപടിയോട് സംസ്ഥാന സർക്കാറിന് യോജിപ്പില്ല. |
| (ബി) | ഏതെല്ലാം ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളിലാണ് ഇത്തരത്തിൽ മാറ്റം വരുത്താൻ എൻ.സി.ഇ.ആർ.ടി. തയ്യാറായതെന്ന് വിശദമാക്കാമോ; | (ബി) | **കോവിഡ് പശ്ചാത്തലത്തിൽ കുട്ടികളുടെ പഠനഭാരം ലഘൂകരിക്കാനെന്ന പേരിലാണ് എൻ.സി.ഇ.ആർ.ടി. 6-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുള്ള പാഠപുസ്തകങ്ങളിൽ നിന്ന് പാഠഭാഗങ്ങൾ ഒഴിവാക്കിയത്. ഒഴിവാക്കപ്പെട്ട പാഠഭാഗങ്ങൾ വിശകലനം ചെയ്തതിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത്, ഈ പ്രക്രിയയിലൂടെ എൻസി.ഇ.ആർ.ടി. ശ്രമിക്കുന്നത്:<br>1) ഭരണഘടനയുടെ അടിസ്ഥാന മൂല്യങ്ങളെ തമസ്കരിക്കൽ<br>2) രാജ്യത്തിന്റെ ചരിത്രം ഒഴിവാക്കൽ<br>3) രാജ്യം നേരിടുന്ന അടിസ്ഥാന പ്രശ്നങ്ങളായ ദാരിദ്ര്യം, ജനസംഖ്യാവർദ്ധനവ്, വർഗ്ഗീയത, തൊഴിലില്ലായ്മ എന്നിവ കുട്ടികൾ പഠിക്കരുത് എന്ന നിലപാട്<br>4) കാലഘട്ടത്തിന് അനുയോജ്യ മല്ലാത്തവ എന്ന പേരിൽ രാഷ്ട്രീയ ലക്ഷ്യം വച്ചുള്ള പാഠഭാഗങ്ങൾ ഒഴിവാക്കൽ എന്നിവയാണ്.<br><br>6-ാം ക്ലാസിലെ പാഠപുസ്തകമായ സോഷ്യൽ ആൻഡ് പൊളിറ്റിക്കൽ ലൈഫ് ഭാഗം I ൽ നിന്നും Diversity Discrimination എന്ന ഭാഗവും ജനാധിപത്യ പ്രക്രിയയെ മനസ്സിലാക്കാൻ സഹായിക്കുന്ന അധ്യായം 4, Key Elements of Democratic Government (പേജ് 35 മുതൽ 40 വരെ പൂർണ്ണമായും ഒഴിവാക്കി) എന്ന ഭാഗവും, ഏഴാം** |

| | | | |
|---|---|---|---|
| | | | **ക്ലാസിലെ Social and Political Life രണ്ടാം ഭാഗം പുസ്തകത്തിൽ നിന്നും 3, 4, 8, 9, 11, 15 പേജുകളിലായി On Equality എന്ന പാഠഭാഗവും മാറ്റി. ഒമ്പതാം ക്ലാസിലെ Struggle for Equality (പേജ് 102 മുതൽ 195 വരെ) പൂർണ്ണമായും ഒഴിവാക്കി.**<br><br>**എട്ടാം ക്ലാസിലെ Our Past ഭാഗം III എന്ന പുസ്തകത്തിൽ നിന്നും 'ഇന്ത്യ സ്വാതന്ത്ര്യത്തിനുശേഷം' എന്ന പാഠഭാഗം നീക്കം ചെയ്തു.**<br><br>**പത്താം ക്ലാസിലെ Democratic Politics IIഎന്ന പുസ്തകത്തിൽ നിന്നും "ജനകീയ സമരങ്ങൾ' എന്ന പാഠഭാഗം പൂർണ്ണമായും നീക്കം ചെയ്തു. സ്വാതന്ത്ര്യാനന്തര ഇന്ത്യ കണ്ട ഏറ്റവും വലിയ ചരിത്ര നിഷേധമാണ് ഇപ്പോൾ എൻ.സി.ഇ.ആർ.ടി. നടത്തി യിരിക്കുന്നത്. ഏഴാം ക്ലാസിലെ പാഠപുസ്തകത്തിൽ നിന്നും ഡൽഹി സുൽത്താൻ, 48, 49 പേജുകളിലെ മുഗൾ രാജവംശം, 11-ാം ക്ലാസിലെ Central Islamic Land, 12-ാംക്ലാസിലെ തന്നെ Politics in India Since Independence, പന്ത്രണ്ടാം പേജിലെ അവസാന വരികൾ, ഗാന്ധിവധവും തുടർന്ന് ആർ.എസ്.എസ്. എന്ന സംഘടനയെ നിരോധിക്കുന്ന ഭാഗവുമാണ്. ഈ ഭാഗം പൂർണ്ണമായും ഒഴിവാക്കപ്പെട്ടു.**<br><br>**2022 ലെ ഗുജറാത്ത് കലാപം പരാമർശിക്കുന്ന 187, 189 പേജുകൾ ഒഴിവാക്കപ്പെട്ടു.**<br><br>**ഈ വർഷം എൻ.സി.ഇ.ആർ.ടി. പാഠപുസ്തകത്തിൽ നിന്നും ബാബറി മസ്ജിദ് എന്ന പേരും നീക്കം ചെയ്യുകയുണ്ടായി. ഇങ്ങനെ ചരിത്രം, സാമ്പത്തികശാസ്ത്രം, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി തുടങ്ങിയ പാഠപുസ്തകങ്ങളിൽ നിന്നുമാണ് വ്യാപകമായി പാഠഭാഗങ്ങൾ നീക്കം ചെയ്തിട്ടുള്ളത്.** |
| (സി) | പ്രസ്തുത വിഷയത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ? | (സി) | നമ്മുടെ സംസ്ഥാനത്തെ കുട്ടികൾ 1 മുതൽ 10 വരെ എസ്.സി.ഇ.ആർ. ടി. തയ്യാറാക്കിയ പാഠപുസ്തകങ്ങളാണ് പഠിക്കുന്നത്. കുറച്ച് കുട്ടികൾ സി.ബി.എസ്.ഇ. അൺ എയ്ഡഡ് വിദ്യാലയങ്ങളിലും പഠിക്കുന്നുണ്ട്. കേരള സിലബസിൽ പഠിക്കുന്ന 1 മുതൽ 10 വരെയുള്ള കുട്ടികളെ എൻ.സി.ഇ.ആർ. ടി.യുടെ ഈ അക്കാദമിക വിരുദ്ധമായ പ്രവർത്തനങ്ങൾ ബാധിക്കുന്നില്ല. എൻ.സി.ഇ. ആർ.ടി പാഠപുസ്തകങ്ങൾ പഠിപ്പിക്കുന്ന വിദ്യാലയങ്ങളിലെ |

| | | | |
|---|---|---|---|
| | | | കുട്ടികളെ ഈ നീക്കം സാരമായി ബാധിക്കാൻ ഇടയുണ്ട്.<br><br>എന്നാൽ 11, 12 ക്ലാസുകളിൽ കേരളം 44 ടൈറ്റിലുകൾ എൻ.സി.ഇ.ആർ.ടി. പാഠപുസ്തകങ്ങൾ നിലവിൽ ഉപയോഗിക്കു ന്നുണ്ട്. ഈ പുസ്തകങ്ങളിൽ വരുത്തിയ മാറ്റങ്ങൾ കേരള എസ്.സി.ഇ.ആർ.ടി. നിയോഗിച്ച വിദഗ്ധസമിതി പരിശോധിച്ച് വിശേഷാൽ പാഠപുസ്തകങ്ങൾ തയ്യാറാക്കുക യുണ്ടായി. ചരിത്രം, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി, ഇക്കണോമിക്സ് എന്നീ 4 വിഷയങ്ങളിൽ വിശേഷാൽ പാഠപുസ്തകങ്ങൾ പ്രസിദ്ധീകരിച്ച് കുട്ടികളെ പഠിപ്പിച്ച ഇന്ത്യയിലെ ഏക സംസ്ഥാനം കേരളമാണ്. തുടർന്നും ഇത്തരം നടപടികളാണ് എൻ.സി.ഇ.ആർടി.യുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നതെങ്കിൽ ഇതേ മാതൃകയിൽ വിശേഷാൽ പാഠപുസ്തകങ്ങളോ സ്വന്തം നിലയ്ക്ക് പാഠപുസ്തകങ്ങളോ ഇറക്കുന്ന കാര്യം സർക്കാർ ഗൗരവമായി ആലോചിക്കും.<br><br>ഭരണഘടനാ മൂല്യങ്ങളെ ഉയർത്തിപ്പിടിച്ചും മതനിരപേക്ഷ ആശയത്തെ ചേർത്തുനിർത്തിയുമാകും കേരളത്തിന്റെ പാഠ്യപദ്ധതി പരിഷ്കരണ നടപടികൾ എന്നത് ഇതിനകം തന്നെ തെളിയിച്ചു കഴിഞ്ഞതാണ്. പാഠപുസ്തകങ്ങൾ കാലത്തിനനുസരിച്ച് മാറ്റപ്പെടേണ്ടവയാണ് എന്നതിൽ ആർക്കും തർക്കമില്ല. എന്നാൽ രാജ്യത്തിന്റെ ചരിത്രം, സ്വാതന്ത്ര്യസമര ചരിത്രം, ഭരണഘടനാ മൂല്യങ്ങൾ, ശാസ്ത്രചിന്ത എന്നിവ നിക്ഷിപ്ത താത്പര്യത്തിന്റെ പേരിൽ ഒഴിവാക്കാനുള്ള ഏത് നീക്കത്തെയും ഭരണഘടന നൽകുന്ന സംസ്ഥാനങ്ങളുടെ അക്കാദമിക സ്വാതന്ത്ര്യം ഉയർത്തിപ്പിടിച്ച് ചെറുക്കുക തന്നെ ചെയ്യും. |

സെക്ഷൻ ഓഫീസർ